(ബി) കോഴിക്കോട് ജില്ലയിൽ 45 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകുകയും അവയിൽ 44 എണ്ണത്തിന് 2015-16 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാകുന്നു.

(സി) കോഴിക്കോട് ജില്ലയിൽ നീര ലൈസൻസിനായി 87 അപേക്ഷകൾ ലഭിച്ചു.

(ഡി) കോഴിക്കോട് ജില്ലയിൽ 44 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 22-6-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 11/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം നീര ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള എല്ലാ നാളികേര ഉല്പാദക ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുവാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ശേഷിക്കുന്ന അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിപണനവും

**96 (2915)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനകം നടപടി സ്വീകരിച്ചുവെങ്കിൽ അവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റ് പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽക്കണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ലഹരി വസ്തുക്കളുടെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ വില്പനക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ 'ഓപ്പറേഷൻ മൺഷൈൻ' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാ മാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗംകൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തിവരുന്നുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാതലത്തിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാതലത്തിലും ഇത്തരത്തിലുള്ള മാസാവലോകന യോഗം കൂടി അവരവരുടെ അധികാര പരിധിയിൽ നടന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാമാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തിവരുന്നുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാതലത്തിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാതലത്തിലും ഇത്തരത്തിലുള്ള മാസാവലോകന യോഗം കൂടി അവരവരുടെ അധികാര പരിധിയിൽ നടന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. മയക്കുമരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുള്ള ഡി.ജെ. പാർട്ടികൾ നിരോധിക്കുന്നതിനും പാർട്ടികളിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കൂടാതെ കേന്ദ്ര എൻഫോഴ്സ്മെന്റ് ഏജൻസിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും, സംസ്ഥാന പോലീസും, കസ്റ്റംസ് ഇതര എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ആകാശമാർഗ്ഗവും കടൽമാർഗ്ഗവും കരമാർഗ്ഗവും സംസ്ഥാനത്തേക്ക് വരുന്നവരെ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വിദേശ വിനോദ സഞ്ചാരികളുടെ പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക പരിശോധനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 മേയ് മുതൽ 2015 ജൂൺ വരെ 3135 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2011 മേയ് മുതൽ ഡിസംബർ വരെ | 241 |
| 2012 ജനുവരി മുതൽ ഡിസംബർ വരെ | 563 |
| 2013 ജനുവരി മുതൽ ഡിസംബർ വരെ | 793 |
| 2014 ജനുവരി മുതൽ ഡിസംബർ വരെ | 970 |
| 2015 ജനുവരി മുതൽ ജൂൺ വരെ | 568 |
| ആകെ | 3135 |

**പുതിയ എക്സൈസ് നയംമൂലം അടച്ചുപൂട്ടിയ ബാറുകളിലെ പ്രശ്നങ്ങൾ**

**97 (2916)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി എത്ര ബാറുകളാണ് അടച്ചു പൂട്ടിയിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര ബാറുകളാണ് പ്രവർത്തിച്ചുവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly